LIBRARY ARCHIVES Kerala Legislative Assembly

സേവകരെ തയ്യാറാക്കുക എന്ന ലക്ഷ്യം മുന്നിൽകണ്ടാണ് സേന രൂപീകരിച്ചിട്ടുള്ളത്. കാലവർഷം സമാഗതമാകുന്ന അവസരത്തിൽ വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ തുടങ്ങിയവ പോലുള്ള പ്രകൃതി ദുരന്തങ്ങൾ സംഭവിക്കുന്ന അടിയന്തിര സാഹചര്യം സംജാതമാകുന്നപക്ഷം അവയെ നേരിടുന്നതിനായി എല്ലാ ജില്ലകളിലും പരിശീലനം നേടിയ വോളന്ററി യൂത്ത് ആക്ഷൻ സേനയെ സജ്ജരാക്കിയിട്ടുണ്ട്. അപകടങ്ങളും പ്രകൃതി ദുരന്തങ്ങളും ഉണ്ടാകുമ്പോൾ കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുവാൻ ഉതകുന്ന തരത്തിൽ സേനാംഗങ്ങൾക്ക് ആവശ്യമായ സാഹസിക കായിക പരിശീലനം, ഫയർ ആൻഡ് റെസ്ക്യൂ പരിശീലനം, പ്രഥമ ശുശ്രൂഷാ പരിശീലനം എന്നിവ നൽകിയിട്ടുണ്ട്.

യുവജന ക്ഷേമ ബോർഡ് മുഖേന നടപ്പാക്കിവരുന്ന പദ്ധതികൾ

384(1131) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും യുവജനക്ഷേമ ബോർഡ് മുഖേന പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ 2021-22 സാമ്പത്തിക വർഷത്തെ പദ്ധതികളിൽ സ്വയംതൊഴിൽ കണ്ടെത്തുന്നതിനും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രത്യേക പദ്ധതികൾ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) യുവജനക്ഷേമ ബോർഡ് മുഖേന മലപ്പുറം ജില്ലയിൽ നടപ്പാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ;

(സി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയും അവയുടെ പ്രവർത്തന പുരോഗതിയും വെളിപ്പെടുത്തുമോ?

(ബി & സി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് സംസ്ഥാനതല പദ്ധതികളാണ് നിലവിലുള്ളത്. ജില്ലകൾക്കായി പ്രത്യേകം പദ്ധതികൾ ബോർഡ് നടപ്പിലാക്കിവരുന്നില്ല.